Dr. SEELIA THOMAS P.
Reader
Department of Malayalam
Nirmala college
Muvattupuzha

# ANTI PLAGIARISM CERTIFICATE

This is to certify that the thesis **"കേരളത്തിലെ മുസ്‌ലിം പ്രാദേശികോത്സവങ്ങളുടെ ചരിത്രം, സംസ്കാരം, അന്യമതസ്വാധീനം"** (History Culture and Influence of other Religions in the Local Fest of Kerala Muslims) submitted for the Award of the Degree of Doctor of Philosophy in the Faculty of Language and Literature (Malayalam) Mahatma Gandhi University, Kottayam, is a record of bonafide research caried out by SHERIN P.K under my supervision. This work plagiarism checked and the plagiarism in the thesis is below 25% that is below the university agreed norms.

Place : Muvattupuzha
Date : 5-09-2016

Seelia Thomas P.
Dr. SEELIA THOMAS P.
*Dr. Seelia Thomas P. Ph.D*
*Reader in Malayalam*
*Nirmala College, Muvattupuzha*

Dr. SEELIA THOMAS P.
Reader
Department of Malayalam
Nirmala college
Muvattupuzha

# CERTIFICATE

This is to certify that the Dissertation **"കേരളത്തിലെ മുസ്ലിം പ്രാദേശികോത്സവങ്ങളുടെ ചരിത്രം, സംസ്കാരം, അന്യമതസ്വാധീനം"** (History Culture and Influence of other Religions in the Local Fest of Kerala Muslims) submitted for the Award of the Degree of Doctor of Philosophy in the Faculty of Language and Literature (Malayalam) Mahatma Gandhi University, Kottayam, is a record of bonafide research caried out by SHERIN P.K. under my supervision. This has not previously submitted elsewhere for the award of any degree.

Seelia Thomas P
Dr. SEELIA THOMAS P.

Place : Muvattupuzha
Date : 30-06-2016

# നന്ദി

ഈ സംരംഭം പൂർത്തീകരിക്കാൻ എന്നെ അനുഗ്രഹിച്ച ഈശ്വരകൃപയ്ക്കു നന്ദി. എന്റെ ഗവേഷണ പഠനത്തിന് ഉചിതമായ മാർഗനിർദേശങ്ങൾ നല്കിയ നിർമ്മലാ കോളേജിലെ റിസർച്ച് ഗൈഡായ ഡോ. സീലിയാ തോമസ് പി. യോടുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു. കോളേജ് പ്രിൻസിപ്പലായ റവ. ഡോ. വിൻസെന്റ് നെടുങ്ങാട്ട് എന്നെ ഉപദേശങ്ങൾ നൽകി സഹായിച്ചു. അദ്ദേഹത്തിന് അകൈതവമായ നന്ദി. എന്നെ പലവിധത്തിൽ സഹായിച്ച നാവൂർ പരീതിനും അജിത്തിനും ജിനീഷ്ലാൽ രാജിനും മറ്റു സുഹൃത്തുക്കൾക്കും നന്ദി.

എം.ജി. യൂണിവേഴ്സിറ്റി ലൈബ്രറി, മൂവാറ്റുപുഴ നിർമ്മലാ കോളേജ് ലൈബ്രറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി ലൈബ്രറി, കേരള സാഹിത്യ അക്കാദമി, ശ്രീശങ്കരാചാര്യ മലയാള വിഭാഗം ലൈബ്രറി എന്നിവിടങ്ങളിലെ ജീനക്കാർക്ക് നന്ദി രേഖപ്പെടുത്തുന്നു. ബീമാപള്ളി, മമ്പുറം, കാഞ്ഞിരമറ്റം തുടങ്ങിയ സ്ഥലങ്ങളിലെ ഫീൽഡ് സ്റ്റഡിയിൽ എന്നെ സഹായിച്ചവർക്കും ഏറെ നന്ദി. ഈ പ്രബന്ധം ഭംഗിയായി ടൈപ്പ് ചെയ്തുതന്ന കോപ്പി-ടെക് കമ്പ്യൂട്ടർ സ്ഥാപനത്തിലെ ജീവനക്കാർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

മൂവാറ്റുപുഴ — ഷെറിൻ പി.കെ.

[illegible]

# ഉള്ളടക്കം


ആമുഖം 1

ഒന്ന്

ഉത്സവങ്ങൾ : സിദ്ധാന്തവും പ്രയോഗവും 8

രണ്ട്

ഇസ്ലാമിന്റെ കേരളത്തിലേക്കുള്ള കടന്നുവരവും മുസ്ലിം ആഘോഷങ്ങളും 33

മൂന്ന്

കേരളത്തിലെ മുസ്ലിം പ്രാദേശികോത്സവങ്ങൾ 78

നാല്

കാഞ്ഞിരമറ്റം, ബീമാപള്ളി, മമ്പുറം ഉത്സവങ്ങളുടെ ചരിത്രം 132

അഞ്ച്

മുസ്ലിം പ്രാദേശികോത്സവങ്ങളിലെ സംസ്കാരം 177

ആറ്

മുസ്ലിം പ്രാദേശികോത്സവങ്ങളിലെ അന്യമതസ്വാധീനം 224

ഉപസംഹാരം 250

സഹായകഗ്രന്ഥങ്ങൾ 256

അനുബന്ധം ഒന്നു മുതൽ പതിനഞ്ച് വരെ പാട്ടുകൾ 265

അനുബന്ധം പതിനാറ് ചിത്രങ്ങൾ 304

മാനവസംസ്കാരത്തിന്റെ സ്വതന്ത്രതലങ്ങളെയാണ് ഫോക്‌ലോർ പ്രതിനിധാനം ചെയ്യുന്നത്. ഇതരസാഹിത്യമേഖലകൾപോലെ പ്രാധാന്യമർഹിക്കുന്ന പഠനശാഖയാണിത്. കേരളത്തിലെ ഫോക്‌ലോർ മതബദ്ധമാണ്. നമ്മുടെ നാട്ടുവഴക്കങ്ങളിലധികവും പലതരം മതകൂട്ടായ്മകളുടേതും ജാതികൂട്ടായ്മകളുടേതുമാണ്. സമൂഹമൊന്നടങ്കം സാന്നിധ്യമറിയിക്കുന്ന ചില ഫോക്‌ലോർ രൂപങ്ങൾ കണ്ടേക്കാമെങ്കിലും അധികവും ഹിന്ദു ഫോക്‌ലോർ, മാപ്പിള ഫോക്‌ലോർ, ക്രിസ്ത്യൻ ഫോക്‌ലോർ തുടങ്ങിയ മതകേന്ദ്രിതമായ നാട്ടുവഴക്കങ്ങളാണ്. എല്ലാ ജാതികൂട്ടായ്മകളുടെയും അനുഷ്ഠാനങ്ങളുടെ ഉത്ഭവം മതപരമായ വിശ്വാസങ്ങളിൽനിന്നാണ്. അതിനാൽ ഓരോ വിഭാഗത്തിന്റെയും ആചാരങ്ങളും ഉത്സവങ്ങളും വ്യത്യസ്തമായിത്തീരുന്നു.

ഉത്സവങ്ങൾ സംസ്കാരത്തിന്റെയും മതത്തിന്റെയും ഭാഗമാണ്. സംസ്കാരമെന്ന വലിയ വൃത്തത്തിൽ നിരവധി ചെറിയ വൃത്തങ്ങളുണ്ട്. അതിലെ പ്രധാനപ്പെട്ട വൃത്തമാണ് പ്രാദേശികസംസ്കാരം. സംസ്കാരം നിരന്തരം പരിവർത്തനങ്ങൾക്ക് വിധേയമാണ്. ജനങ്ങളുടെ കൂട്ടായ്മയിൽനിന്നാണ് ഇത് രൂപപ്പെടുന്നത്. ഇവ ജനസംസ്കാരം എന്നാണറിയപ്പെടുന്നത്. ഈ പ്രക്രിയ ആഗോളതലത്തിലും പ്രാദേശികതലത്തിലും സംഭവിക്കും. പ്രാദേശികതലത്തിലുള്ള ജനസംസ്കാരകൂട്ടായ്മയാണ് പ്രാദേശികചരിത്രത്തിനാധാരം. ഒരു ജനസമൂഹത്തിന്റെ സംസ്കാരം മറ്റ് ജനങ്ങളുടെ സംസ്കാരവുമായി സഹവർത്തിത്വത്തിൽ ഏർപ്പെടുമ്പോൾ ഇരുകൂട്ടരുടെയും സംസ്കാരങ്ങൾ പരിവർത്തനത്തിന് വിധേയമാവുന്നു. ഇത്തരത്തിലുള്ള നിരവധി സംസ്കാരികസ്വാധീനം മുസ്‌ലിം പ്രാദേശികോത്സവങ്ങളിൽ പ്രകടമാണ്.

ഓരോ ജനവിഭാഗത്തിനും ഭിന്നങ്ങളായ ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും ആഘോഷങ്ങളും ജീവിതരീതികളുമാണുള്ളത്. ഇതരമതവിഭാഗങ്ങ

ഇതുപോലെതന്നെ ഇസ്‌ലാമിനും കേരളത്തിൽ തനതായ പാരമ്പര്യമുണ്ട്. ഭാഷ, വേഷം, വിശ്വാസസംഹിത എന്നിവയിലെല്ലാം ഇത് ദൃശ്യമാണ്. ഇതരമതസ്ഥരുടെ ഫോക്‌ലോർ ഗണങ്ങളെ മറ്റ് മതസ്ഥരും സ്വാഗതം ചെയ്യുന്ന രീതിയാണ് നമ്മുടെ സമൂഹത്തിലുള്ളത്. അതുകൊണ്ട് മുസ്‌ലീങ്ങൾക്കിടയിലുള്ള നേർച്ചകളും ഉറൂസുകളും ചന്ദനക്കുടങ്ങളും ഓരോ ജനതയുടെയും ഗ്രാമത്തിന്റെയും ഉത്സവമായിത്തീർന്നിരിക്കുന്നു. മുസ്‌ലിം പ്രാദേശികോത്സവങ്ങളോട് ഇതര സമൂഹം പല തരത്തിലും വിശ്വാസപരമായും ആചാരപരമായും ബന്ധപ്പെട്ടിരിക്കുന്നത് കാണാൻ കഴിയും.

ചിലയിടങ്ങളിൽ വിശുദ്ധരെ അടക്കം ചെയ്തിരിക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കുന്നത് മുതൽ ഉത്സവാരംഭച്ചടങ്ങായ കൊടി ഉയർത്തൽ നിർവഹിക്കുന്നത് വരെയുള്ള പ്രവൃത്തികളിൽ ഇതരമതസ്ഥരും പങ്കാളികളാകാറുണ്ട്. ചില സ്ഥലങ്ങളിൽ അരങ്ങേറുന്ന മാപ്പിളത്തെയ്യങ്ങൾക്കും പ്രാദേശികോത്സവവുമായി ബന്ധമുണ്ട്. ഇത്തരത്തിൽ ഉത്സവങ്ങൾ മതസൗഹാർദ്ദത്തെ ഊട്ടിയുറപ്പിക്കുന്നതിലും വലിയ പങ്കാണ് വഹിക്കുന്നത്.

മുസ്‌ലിം പ്രാദേശികോത്സവങ്ങളുടെ ഭാഗമായി നിരവധി വഴിപാടുകൾ, കലകൾ എന്നിവ ജനങ്ങൾ അനുഷ്ഠിക്കുന്നത് കാണുവാൻ കഴിയും. ഇതിൽ പലതും ഉത്സവാരംഭത്തിൽ ഇല്ലാത്തവയും സാംസ്കാരികകൈമാറ്റത്തിന്റെയും അന്യമതസ്വാധീനത്തിന്റെയും ഫലമായി കാലക്രമത്തിൽ രൂപപ്പെട്ടവയുമാണ്. ഉത്സവങ്ങളിൽ നിരവധി പ്രാദേശികകലാരൂപങ്ങൾക്ക് ഇടം ലഭിക്കാറുണ്ട്. ഈ കലാരൂപങ്ങളിൽ കേരളസംസ്കാരത്തിന്റെ മുദ്രകൾ പതിഞ്ഞിരിക്കുന്നത് പ്രകടമാണ്.

നിരവധി ഐതിഹ്യങ്ങളാൽ സമ്പന്നമാണ് പ്രാദേശികോത്സവങ്ങൾ. പ്രദേശങ്ങൾക്കനുസരിച്ച് ഐതിഹ്യങ്ങളിൽ കാണുന്ന പാഠഭേദങ്ങൾ സർവസാധാരണമാണ്. ഉത്സവങ്ങൾക്ക് പിന്നിലുള്ള ചരിത്രസത്യങ്ങളും ഐതിഹ്യങ്ങളും

കൂടിക്കുഴഞ്ഞാണ് നിലകൊള്ളുന്നത്. മുസ്‌ലിം പ്രാദേശികോത്സവങ്ങളുടെ ചരിത്രം, സംസ്കാരം, അന്യമതസ്വാധീനം എന്നിവയെക്കുറിച്ച് അന്വേഷിക്കുകയാണ് ഈ പഠനത്തിൽ.

### പഠനലക്ഷ്യം

കേരളത്തിലെ കാഞ്ഞിരമറ്റം പള്ളിയിൽ ശൈഖ് ഫരിദുദ്ദീന്റെ നാമധേയത്തിൽ നടക്കുന്ന ഉത്സവം, തിരുവനന്തപുരം ബീമാപള്ളിയിൽ ബീമാബീവിയുടെയും മാഹിൻ അബൂബക്കറിന്റെയും ബാബാ കല്ലടിമസ്താന്റെയും സ്മരണാർത്ഥം നടക്കുന്ന ഉത്സവം, മമ്പുറത്തിൽ സയ്യിദ് അലവി തങ്ങളുടെ പേരിൽ നടക്കുന്ന ഉത്സവം എന്നിവയാണ് കൂടുതൽ ജനപ്രിയമായിട്ടുള്ളത്. ഈ മൂന്നിടങ്ങളിലെയും ഉത്സവങ്ങളുടെ ചരിത്രം, സംസ്കാരം, അന്യമതസ്വാധീനം എന്നിവയെക്കുറിച്ച് പഠിക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

### പഠനപ്രസക്തി

കാഞ്ഞിരമറ്റം, ബീമാപള്ളി, മമ്പുറം എന്നിവിടങ്ങൾ ലോകശ്രദ്ധയാകർഷിച്ച മുസ്‌ലിം തീർഥാടനകേന്ദ്രങ്ങളാണ്. ഇവിടങ്ങളിലെ ഉത്സവങ്ങളെക്കുറിച്ച് ഗൗരവമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. ചില പഠനങ്ങളിൽ ചെറിയ സൂചനകൾ മാത്രമാണുള്ളത്. ഈ പഠനം കേരള ഫോക് സംസ്കാരപഠനത്തിന് മുതൽകൂട്ടാകുവാനുള്ള സാധ്യതയുണ്ട്.

### പൂർവ്വപഠനങ്ങൾ

ബി. മുഹമ്മദ് അഹമ്മദിന്റെ *മാപ്പിളഫോക്‌ലോർ* എന്ന പുസ്തകത്തിലെ 'നേർച്ചകളും ഉറൂസുകളും ഗ്രാമത്തിന്റെ ഉത്സവങ്ങൾ' എന്ന ലേഖനത്തിൽ കേരളത്തിലെ ചില മുസ്‌ലിം പ്രാദേശികോത്സവങ്ങളെക്കുറിച്ചും, 'മാപ്പിളത്തെയ്യങ്ങൾ' എന്ന ലേഖനത്തിൽ ചില മാപ്പിളത്തെയ്യങ്ങളെക്കുറിച്ചും പരാമർശമുണ്ട്.

ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി എഡിറ്റ് ചെയ്ത *മമ്പുറം തങ്ങൾ: ജീവിതം ആത്മീയ പോരാട്ടം* എന്ന പുസ്തകത്തിൽ മമ്പുറം അലവി തങ്ങളുടെ ജീവചരിത്രം പ്രതിപാദിക്കുന്നുണ്ട്. കെ.കെ.എൻ. കുറുപ്പും പി.കെ. പോക്കറും ചേർന്ന് എഡിറ്റ് ചെയ്ത *മമ്പുറം ഫസൽ പൂക്കോയ തങ്ങൾ: അധിനിവേശവിരുദ്ധചരിത്രത്തിലെ ദിവ്യസാന്നിധ്യം* എന്ന പുസ്തകത്തിൽ മമ്പുറം അലവി തങ്ങളെക്കുറിച്ചും മകൻ ഫസൽ പൂക്കോയ തങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എം. ഗംഗാധരന്റെ *മാപ്പിള പഠനങ്ങൾ* എന്ന പുസ്തകത്തിലെ 'നേർച്ചകളിലെ കേരളീയമാനങ്ങൾ' എന്ന ലേഖനം കേരളത്തിലെ നാല് മുസ്‌ലിം പ്രാദേശികോത്സവങ്ങളുടെ വിശകലനമാണ്. സഞ്ജീവൻ അഴീക്കോടിന്റെ *തെയ്യത്തിലെ ജാതിവഴക്കം* എന്ന പുസ്തകത്തിലും ആർ.സി. കരിപ്പത്തിന്റെ *മാപ്പിളത്തെയ്യങ്ങൾ* എന്ന പുസ്തകത്തിലും മലബാറിലെ വിവിധ മാപ്പിളത്തെയ്യങ്ങളെ അന്വേഷണവിധേയമാക്കുന്നുണ്ട്.

### പഠനമേഖല

മുസ്‌ലിം പ്രാദേശികോത്സവങ്ങളെ മുൻനിർത്തിയാണ് ഇതിൽ പഠനം നടത്തിയിരിക്കുന്നത്. മുസ്‌ലിം പ്രാദേശികോത്സവങ്ങൾ നടക്കുന്ന എറണാകുളം ജില്ലയിലെ കാഞ്ഞിരമറ്റം, തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളി, മലപ്പുറം ജില്ലയിലെ മമ്പുറം എന്നിവിടങ്ങളാണ് പഠനമേഖലയായി സ്വീകരിച്ചിരുന്നത്.

### പഠനപരിമിതി

കേരളത്തിലുള്ള മുഴുവൻ മുസ്‌ലിം പ്രാദേശികോത്സവങ്ങളെയും പഠനവിധേയമാക്കുവാൻ സാധ്യമല്ല. അതിനാൽ തെരഞ്ഞെടുത്ത പ്രദേശങ്ങളിലെ ഉത്സവങ്ങളെ മാത്രമേ പഠനത്തിനായി സ്വീകരിച്ചിട്ടുള്ളൂ. പ്രാദേശികോത്സവങ്ങളെക്കുറിച്ചുള്ള പഠനത്തിനിടയിൽ പലവിധ ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നിട്ടുണ്ട്. പലരും ഉത്സവവിവരങ്ങൾ പങ്കുവയ്ക്കുവാൻ തയ്യാറായില്ല എന്ന

താണ് യാഥാർഥ്യം. ഈ വിഷയത്തെക്കുറിച്ചുള്ള പൂർവപഠനങ്ങളുടെ അപര്യാപ്തത നിമിത്തം വിവരങ്ങൾ അന്വേഷിക്കുമ്പോൾ പലരും സംശയദൃഷ്ടിയോടെയാണ് കണ്ടിരുന്നത്.

### പഠനരീതി

പഠനത്തിനായി സ്വീകരിച്ച രീതി ഫോക്‌സംസ്കാരപഠനത്തിന്റേതാണ്. സംസ്കാരപഠനത്തിന്റെ ഉപകരണങ്ങളും അപഗ്രഥനത്തിന് ഉപയോഗിച്ചിട്ടുണ്ട്. പഠനമേഖലകളിലെ ജനങ്ങളോടൊത്ത് താമസിച്ച് അവരുമായി ഇടപെട്ട് വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രാദേശികോത്സവങ്ങളിലെ ചടങ്ങുകളുടെ വിവിധ പാട്ടുകൾ, ചിത്രങ്ങൾ എന്നിവയും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

### പ്രബന്ധഘടന

പ്രബന്ധത്തെ ആറ് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാമധ്യായത്തിൽ ഉത്സവത്തിന്റെ സൈദ്ധാന്തികപരിസരമാണ് ചർച്ച ചെയ്യുന്നത്. ഉത്സവങ്ങൾ മനുഷ്യജീവിതത്തിൽ വഹിക്കുന്ന പങ്ക്, പ്രദേശങ്ങൾ, പ്രാദേശികോത്സവങ്ങൾ എന്നിവയെക്കുറിച്ചെല്ലാം വിശദീകരിക്കുന്നു. അതിന് ശേഷം ഫോക്‌ലോറിന്റെയും മാപ്പിള ഫോക്‌ലോറിന്റെയും നിർവചനങ്ങളും അവയ്ക്ക് ഉത്സവവുമായുള്ള ബന്ധങ്ങളും വിശദീകരിക്കുന്നു. പുരാവൃത്തം, വിവിധ ആചാരങ്ങൾ, വിശ്വാസാനുഷ്ഠാനങ്ങൾ, നാട്, നാട്ടറിവ്, പ്രാദേശികചരിത്രം, വാമൊഴിചരിത്രം തുടങ്ങിയവയ്ക്ക് ഉത്സവങ്ങളിലുള്ള സ്ഥാനം അടയാളപ്പെടുത്തിയതിന് ശേഷം പഠനവിഷയത്തിലേക്ക് പ്രവേശിക്കുന്നു. ഇസ്‌ലാമിന്റെ കേരളത്തിലേക്കുള്ള കടന്നുവരവും മുസ്‌ലിം ആഘോഷങ്ങളും എന്ന രണ്ടാം അധ്യായത്തിൽ കേരളത്തിലേക്കുള്ള മുസ്‌ലീങ്ങളുടെ ആഗമനവും വ്യാപനവും അവരുടെ ആഘോഷങ്ങളായ റംസാൻ, ബക്രീദ്, നബിദിനം, മുഹറം തുടങ്ങിയവയെക്കുറിച്ചും

വിശദമായി പറയുന്നുണ്ട്. കേരളത്തിലെ മുസ്‌ലിം പ്രാദേശികോത്സവങ്ങൾ എന്ന മൂന്നാമധ്യായത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ ഉത്സവങ്ങളെക്കുറിച്ചുള്ള പഠനമാണ് നടത്തിയിരിക്കുന്നത്. നാലാമധ്യായത്തിൽ കാഞ്ഞിരമറ്റം, ബീമാപള്ളി, മമ്പുറം എന്നിവിടങ്ങളിലെ ഉത്സവങ്ങളുടെ ചരിത്രാന്വേഷണമാണ്. മുസ്‌ലിം പ്രാദേശികോത്സവങ്ങളിലെ സംസ്കാരം എന്ന അഞ്ചാമധ്യായത്തിൽ കാഞ്ഞിരമറ്റം, ബീമാപള്ളി, മമ്പുറം എന്നിവടങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്ന മാപ്പിളകലാരൂപങ്ങൾ അനുഷ്ഠാനകലകൾ, ജനപ്രിയവിനോദപരിപാടികൾ, വിവിധ തരം വഴിപാടുകൾ, പല തരം കൂട്ടായ്മകൾ എന്നിവയെയാണ് അന്വേഷണവിധേയമാക്കിയിരിക്കുന്നത്. പ്രാദേശികോത്സവങ്ങളിലെ അന്യമതസ്വാധീനമെന്ന ആറാമധ്യായത്തിൽ പ്രാദേശികോത്സവങ്ങളിൽ പ്രകടമാകുന്ന അന്യമതസ്വാധീനത്തെക്കുറിച്ചും മാപ്പിളത്തെയ്യങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഉപസംഹാരത്തിൽ പഠനത്തിൽനിന്ന് കണ്ടെത്തിയ വസ്തുതകളെ ക്രോഡീകരിച്ചിരിക്കുകയാണ്. അനുബന്ധത്തിൽ പഠനവുമായി ബന്ധപ്പെട്ട പാട്ടുകളും ചിത്രങ്ങളും ചേർത്തിട്ടുണ്ട്.

# HISTORY CULTURE AND THE INFLUENCE OF OTHER RELIGIONS IN THE LOCAL FEST OF KERALA MUSLIM

**Thesis submitted to the**

**Faculty of Language and Literature**

**Mahatma Gandhi University, Kottayam**

**For the award of the Degree of Doctor of Philosphy**

**SHERIN P.K**

**RESEARCH & POST GRADUATE**

**DEPARTMENT OF MALAYALAM**

**NIRMALA COLLEGE**

**MUVATTUPUZHA**

**JUNE 2016**